കൂടാതെ ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി 29.7 കിലോ മീറ്റർ പൈപ്പു ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. പുതുതായി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മുനിസിപ്പാലിറ്റിയിൽ 2670 മീറ്റർ പൈപ്പു ലൈൻ സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബി) ഈ താലൂക്കുകളിലെ ശുദ്ധജലവിതരണപദ്ധതി വേൾഡ് ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടില്ല.

വെള്ളായണി കായലിൽ നിന്നും കുടിവെള്ളമെത്തിക്കാൻ പദ്ധതി

36(866) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളായണി കായൽ ശുദ്ധജല തടാകത്തിൽ നിന്നും സമീപ പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടം വരെയായെന്ന് വിശദമാക്കാമോ ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) ഇതു സംബന്ധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുവാനും പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വെള്ളായണികായൽ സ്രോതസായി സമീപപ്രദേശങ്ങളായ വിഴിഞ്ഞം, കോട്ടുകാൽ, തിരുവല്ലം, മുട്ടത്തറ, കോവളം എന്നീ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുവാൻ ഗ്രേറ്റർ തിരുവനന്തപുരം വാട്ടർ സപ്ലൈസ്കീം (കോസ്റ്റൽ വില്ലേജുകൾ) എന്ന പദ്ധതി തയ്യാറാക്കി വരുന്നു. ഈ പദ്ധതിക്കുവേണ്ടി ഭൂമിശാസ്ത്രപഠനകേന്ദ്രം നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏകദേശം 150 മുതൽ 200 ലക്ഷം ലിറ്റർ വരെ ശേഷിയുള്ള ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ സാധിക്കും എന്ന് കണ്ടതിനാൽ തീരപ്രദേശങ്ങൾക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ സമഗ്ര എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കികൊണ്ടിരിക്കുകയാണ് .

(ബി) വെള്ളായണി കായലിന്റെ യഥാർത്ഥ ശേഷി ജലത്തിന്റെ ഗുണമേന്മ എന്നിവയെ സംബന്ധിച്ച വിശദമായ പഠനം നടത്തികൊണ്ടിരുന്നതിനാലാണ് കാലതാമസം നേരിട്ടത്.

(സി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറായി വരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ട് സ്വരൂപിച്ചശേഷം പദ്ധതി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly